11271
28/10/14

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി വികസന വകുപ്പ് - ഭൂരഹിത പുനരധിവാസ പദ്ധതി - ഭൂപരിധിയും ധനസഹായവും വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ വികസന (സി) വകുപ്പ്**

സ.ഉ.(കൈ) നം. **73/2014**/പജപവവിവ തിരുവനന്തപുരം, തീയതി **09.10.2014.**

---

പരാമർശം:-
1. സ.ഉ.(കൈ) നം. 87/2011/പജപവവിവ, തീയതി, 25/08/2011.
2. സ.ഉ.(കൈ) നം. 33/2012/പജപവവിവ, തീയതി, 16/02/2012.
3. സ.ഉ.(കൈ) നം. 76/2013/പജപവവിവ, തീയതി, 26/09/2013.
4. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 29/04/2014 -ലെ ഡെവ എ1/10754/14 നമ്പർ കത്ത്.
5. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 23/05/2014 -ലെ ഡെവ എ3/11111/14 നമ്പർ കത്ത്.

**ഉത്തരവ്**

പട്ടികജാതി വികസന വകുപ്പ് ദീർഘകാലമായി നടപ്പിലാക്കി വരുന്ന ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം, ഭൂമി വാങ്ങുന്നതിന് ഇപ്പോൾ നൽകി വരുന്ന ധനസഹായം ഇപ്രകാരമാണ്.

| സ്ഥലം | വിസ്തൃതി | അനുവദനീയമായ തുക (രൂപ) |
|---|---|---|
| ഗ്രാമപഞ്ചായത്ത് | 3 സെന്റ് | 1.50 ലക്ഷം |
| മുനിസിപ്പാലിറ്റി | 1.5 സെന്റ് | 2 ലക്ഷം |
| കോർപ്പറേഷൻ | 1.5 സെന്റ് | 3 ലക്ഷം |

അതേപോലെ, പട്ടികജാതി വിഭാഗങ്ങളിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന അതിദുർബല വിഭാഗങ്ങളായ അരുന്ധതിയാർ, ചക്ലിയാർ, വേട്ടുവൻ, വേടൻ, നായാടി, കള്ളാടി, എന്നിവരുടെ ഉന്നമനത്തിനായി സ്ഥലം വാങ്ങി വീട് നിർമ്മിക്കുന്നതിന് ഒരു യൂണിറ്റായി കണക്കാക്കി ധനസഹായം നൽകുന്ന പ്രത്യേക പദ്ധതിയിൻ കീഴിലെ നിലവിലെ ധനസഹായം ഇപ്രകാരമാണ്.

| വിസ്തൃതി | ഭൂമി വാങ്ങാൻ ധനസഹായം (രൂപ) | വീട് നിർമ്മിക്കുന്നതിന് ധനസഹായം (രൂപ) | ആകെ ധന സഹായം (രൂപ) |
|---|---|---|---|
| 5 സെന്റിൽ കുറയാത്ത ഭൂമി | 2.5 ലക്ഷം | 2 ലക്ഷം | 4.50 ലക്ഷം |

ഭൂമി വിലയിലുണ്ടായ അഭൂതപൂർവ്വമായ വർദ്ധനവ് കണക്കിലെടുക്കുമ്പോൾ ടി തുകകൾ തികച്ചും അപര്യാപ്തമെന്ന് കാണുന്നതിനാൽ ടി പദ്ധതികൾ പ്രകാരം അനുവദിച്ചു വരുന്ന ധനസഹായ തുക വർദ്ധിപ്പിക്കണമെന്ന് പരാമർശത്തിലെ കത്തുകൾ പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭൂമി വിലയിലും നിർമ്മാണ സാധനങ്ങളുടെ വിലയിലും അനുദിനം ഉണ്ടായിക്കൊണ്ടിരിക്കുന്ന അഭൂതപൂർവ്വമായ വർദ്ധനവ് കണക്കിലെടുത്തും, പട്ടികജാതി വിഭാഗങ്ങൾക്കിടയിൽ പ്രവർത്തിക്കുന്ന നിരവധി സംഘടനകളുടെ നിരന്തരമായ ആവശ്യം പരിഗണിച്ചും പട്ടികജാതി വികസന വകുപ്പ് മുഖാന്തിരം, ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരം ഭവനനിർമ്മാണത്തിന് ഭൂമി വാങ്ങുന്നതിനായി അനുവദിക്കുന്ന ധനസഹായവും പട്ടികജാതി വിഭാഗത്തിലെ അതിദുർബല വിഭാഗക്കാരായ അരുന്ധതിയാർ, ചക്ലിയാർ, വേട്ടുവൻ, വേടൻ, നായാടി, കള്ളാടി, എന്നിവർക്ക് ഭൂമി വാങ്ങുന്നതിനും ഭവനനിർമ്മാണത്തിനുമായി അനുവദിക്കുന്ന ധനസഹായവും, ഇതിനു വേണ്ടി വരുന്ന ചെലവ് വകുപ്പിന്റെ ബന്ധപ്പെട്ട ബഡ്ജറ്റ് ശീർഷകത്തിലെ വിഹിതത്തിനുള്ളിൽ പരിമിതപ്പെടുത്തേണ്ടതാണെന്നും ഗുണഭോക്താക്കളെ പരമാവധി ' ഭൂരഹിതരില്ലാത്ത കേരളം ' പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതാണെന്നുമുള്ള വ്യവസ്ഥകൾക്ക് വിധേയമായി, ചുവടെ പറയും പ്രകാരം വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(i) <u>ഭൂരഹിത പുനരധിവാസ പദ്ധതി</u>

| സ്ഥലം | വിസ്തൃതി | നിരക്ക് (രൂപ) (ഒരു സെന്റിന്) | അനുവദിക്കുന്ന തുക (രൂപ) |
|---|---|---|---|
| ഗ്രാമപഞ്ചായത്ത് | 5 സെന്റ് | 75,000 | 3.75 ലക്ഷം |
| മുനിസിപ്പാലിറ്റി | 3 സെന്റ് | 1.50 ലക്ഷം | 4.50 ലക്ഷം |
| കോർപ്പറേഷൻ | 3 സെന്റ് | 2 ലക്ഷം | 6 ലക്ഷം |

ഇതിനാവശ്യമായ ഫണ്ട് '2225-01-283-86', '2225-01-283-87' എന്നീ ശീർഷകങ്ങളിൽ നിന്നും കണ്ടെത്തേണ്ടതാണ്.

(ii)**പട്ടികജാതി വിഭാഗത്തിലെ അതിദുർബല വിഭാഗങ്ങളായ സമുദായങ്ങളിൽ പ്പെട്ടവർക്ക്**

| വിസ്തൃതി | ഭൂമി വാങ്ങാൻ ധനസഹായം (രൂപ) | വീട് നിർമ്മിക്കുന്ന തിന് ധനസഹായം (രൂപ) | ആകെ ധന സഹായം (രൂപ) |
|---|---|---|---|
| 5 സെന്റിൽ കുറയാത്ത ഭൂമി | 3.75 ലക്ഷം | 3.50 ലക്ഷം | 7.25 ലക്ഷം |

ഇതിലേയ്ക്കാവശ്യമായ ഫണ്ട് '2225-01-102-99' എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്തേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**ഡോ.ആഷാ തോമസ്**
പ്രിൻസിപ്പൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
ഡയറക്ടർ, ട്രഷറി വകുപ്പ്. തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്സ് സെക്ടർ ആഡിറ്റ്)കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (നം. 68213/ഡബ്ല്യൂ ഡബ്ല്യൂ 2/2014/ഫിൻ, തീയതി.18/09/2014.)
ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്
റവന്യൂ വകുപ്പ്
ഡയറക്ടർ, ഐ & പിആർഡി
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ), ഐ & പിആർഡി
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ